# നമസ്കാരത്തിന്റെ നിബന്ധനകൾ

നമസ്കാരത്തിന്റെ ക്രമം നിങ്ങൾ പഠിച്ചിട്ടുണ്ടായിരിക്കും. اَللهُ اَكْبَرْ എന്ന തക്ബീർ മുതൽ اَلسَّلَامُ عَلَيْكُمْ എന്നു സലാം ചൊല്ലുന്നതിനിടയിലുള്ള വാക്കുകളും പ്രവൃത്തികളും എല്ലാം കൂടിയതാണല്ലോ നമസ്കാരം. അത് ശരിയാകുന്നതിന് ചില നിബന്ധനകളുണ്ട്. അവയ്ക്ക് നമസ്കാരത്തിന്റെ 'ശർത്തു'(شرط )കൾ എന്നു പറയുന്നു. നമസ്കാരം അവസാനിക്കുന്നതുവരെ ആ ശർത്തുകൾ നാം പാലിക്കേണ്ടതാകുന്നു. ഏതെങ്കിലും ഒരു ശർത്ത് ഇല്ലാതായാൽ നമസ്കാരം ശരിയാവുകയില്ല. അവ താഴെ വിവരിക്കുന്നവയാകുന്നു:

1. അശുദ്ധമായ അവസ്ഥയിൽനിന്നും ശരീരം ശുദ്ധമായിരിക്കുക. അശുദ്ധമായ അവസ്ഥക്ക് حَدَث എന്നു പറയുന്നു.

2. ശരീരവും വസ്ത്രവും നമസ്കരിക്കുന്ന സ്ഥലവും മാലിന്യത്തിൽനിന്ന് ശുദ്ധമായിരിക്കുക. മാലിന്യത്തിന്നു അറബിയിൽ نَجَس എന്നു പറയുന്നു.

3. ഔറത്ത് (عَوْرَة) മറയ്ക്കുക. ശരീരത്തിൽനിന്ന് വെളിവാക്കാൻ പാടില്ലാത്ത ഭാഗത്തിന്നാണ് 'ഔറത്ത്' എന്നു പറയുന്നത്.

4. നമസ്കാരത്തിന് സമയം ആയിട്ടുണ്ടെന്ന് അറിയുക.

5. ഖിബ്‌ലയെ അഭിമുഖീകരിക്കുക.

മേൽപറഞ്ഞ അഞ്ചു കാര്യങ്ങളും നാം വിശദമായി ഗ്രഹിക്കേണ്ടതുണ്ട്. അവ ഓരോന്നിനെക്കുറിച്ചുമുള്ള വിവരങ്ങൾ പിറകെ വരുന്നതാണ്.